# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2748 20/03/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കാസർഗോഡ് കുമ്പടാജ പഞ്ചായത്തിലെ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് മണ്ഡലത്തിലെ കുമ്പടാജ പഞ്ചായത്തിൽ നിലവിൽ സർക്കാർ തലത്തിലും എയ്ഡഡ് തലത്തിലുമുള്ള എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളുടെ കണക്ക് തരം തിരിച്ച് വ്യക്തമാക്കാമോ; മലയാളം, കന്നഡ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ കണക്ക് വേർതിരിച്ച് നൽകാമോ; | (എ) കാസർഗോഡ് മണ്ഡലത്തിലെ കുമ്പടാജ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു എൽ.പി. സ്കൂളും (ജി.ജെ.ബി.എസ്. കുമ്പടാജ), എയ്ഡഡ് മേഖലയിൽ 6 സ്കൂളുകളും പ്രവർത്തിക്കുന്നു. ഇതിൽ എൽ.പി. സ്കൂൾ - 3 (എ.എൽ.പി.എസ്. ബൊളിഞ്ച, എസ്.എ.പി.എൽ.പി.എസ്, അഗൽപാടി, എസ്.എസ്.എ.എൽ.പി.എസ്. മരിക്കാന), യു.പി. സ്കൂൾ - 2 (എ.യു.പി.എസ്. മൗവ്വാർ, എ.യു.പി.എസ്. ഏത്തടക്ക), ഹൈസ്കൂൾ - 1 (എസ്.എ.പി. എച്ച്.എസ്, അഗൽപാടി) എന്നിങ്ങനെ യാണ്. ഹയർ സെക്കന്ററി സ്കൂൾ നിലവിലില്ല. ഇവയിൽ ജി.ജെ.ബി.എസ്. കുമ്പടാജ, എ.എൽ.പി.എസ്. ബൊളിഞ്ച, എ.യു.പി.എസ്. മൗവ്വാർ എന്നി മൂന്നു സ്കൂളുകൾ പാരലൽ മീഡിയമായി മലയാളവും, കന്നഡയും പഠിപ്പിക്കുന്നു. എസ്.എ.പി.എൽ.പി.എസ്, അഗൽപാടി, എസ്.എസ്.എ.എൽ.പി.എസ്. മരിക്കാന, എ.യു.പി.എസ്. ഏത്തടക്ക, എസ്.എ.പി. എച്ച്.എസ്, അഗൽപാടി എന്നി 4 സ്കൂളുകൾ കന്നട മീഡിയത്തിൽ മാത്രം പ്രവർത്തിക്കുന്നവയാണ്. |
| (ബി) ഈ പഞ്ചായത്തിൽ മലയാളം മാധ്യമത്തിൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; ഈ ന്യൂനത പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ? | (ബി) മലയാളം മീഡിയത്തിൽ ഹൈസ്കൂൾ ഇല്ല. ഭാഷാ ന്യൂനപക്ഷ പ്രദേശമായതിനാൽ ഹൈസ്കൂൾ തലത്തിൽ മലയാളം മീഡിയം പഠിക്കുവാൻ ലഭ്യമാകുന്ന കുട്ടികളുടെ എണ്ണം കുറവാണ്. അതിനാൽ മലയാളം മാധ്യമത്തിൽ ഹൈസ്കൂൾ ആരംഭിച്ചിട്ടില്ല. മലയാളം മാധ്യമത്തിൽ പഠനത്തിന് കൂടുതൽ കുട്ടികൾ തയ്യാറായി വരുമ്പോൾ ഹൈസ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

Sreedevi

**സെക്ഷൻ ഓഫീസർ**